# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2769 :** **12.10.2011 ൽ മറുപടിയ്ക്ക്**

## *അംഗീകാരമില്ലാത്ത ഐ.റ്റി.സി.കൾ*

| *ചോദ്യം.* | *ഉത്തരം* |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് പഞ്ചായത്തിൽ അരിയോട്ടുകോണത്ത് ഗുരുദേവ് ഐ.റ്റി.സി. എന്ന സ്വകാര്യ സ്ഥാപനം അംഗീകരിച്ചതാണോ ; | (എ) അല്ല. എന്നാൽ പ്രസ്തുത ഐ.ടി.സി.യ്ക്ക് ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ, ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് എന്നീ ട്രേഡുകൾക്ക് എൻ.സി.വി.റ്റി. അഫിലിയേഷൻ നേടിയെടുക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള താൽക്കാലിക അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഐ.റ്റി.സി.യ്ക്ക് എൻ.സി.വി.റ്റി. അംഗീകാരമുണ്ടോ ; | (ബി) ഇല്ല. |
| (സി) സംസ്ഥാനത്ത് എൻ.സി.വി.റ്റി. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എത്ര ഐ.ടി.സി.കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) അംഗീകാരമില്ലാത്ത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | *(സി) & (ഡി)* സംസ്ഥാനത്ത് എൻ.സി.വി.റ്റി. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഒരു ഐ.ടി.സി.യുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എൻ.സി.വി.ടി. അഫിലിയേഷൻ ഉണ്ടെന്ന വ്യാജേന സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങളിൽ പൊതുജനങ്ങൾ വഞ്ചിതരാകാതിരിക്കാൻ വകുപ്പ് തലത്തിൽ പത്രപരസ്യങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ